(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ബി.എഡ്. കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ എത്ര സീറ്റുകളാണ് നിലവിലുള്ളത്;

(ബി) അവ സർക്കാർ, സ്വകാര്യ മേഖലകളിൽ എത്ര വീതമാണെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(സി) ബി.എഡ്. കോഴ്സിന് ഇപ്പോൾ ഈടാക്കുന്ന ഫീസ് എത്രയാണ്; സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ഡി) ബി.എഡ്. കോഴ്സിന്റെ പഠന കാലാവധിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എങ്ങനെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 124 ബി.എഡ്. കോളേജുകളുണ്ട്. അവയിലാകെ 14120 സീറ്റുകളുണ്ട്.

(ബി) സർക്കാർ മേഖലയിൽ നാലും, എയ്ഡഡ് മേഖലയിൽ 17-ഉം, അൺ എയ്ഡഡ് മേഖലയിൽ 103-ഉം ബി.എഡ്. കോളേജുകളുണ്ട്. പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ 1200 രൂപയും, അൺ എയ്ഡഡ് കോളേജുകളിൽ 18,000 രൂപയും ട്യൂഷൻ ഫീസ് നിശ്ചയിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റികൾക്ക് അടയ്ക്കേണ്ട ഫീസുകളും സ്പെഷ്യൽ ഫീസും ഇതിനു പുറമെയാണ്.

(ഡി) പഠന കാലാവധിയിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ എൻ. സി. റ്റി. ഇ.-യുടെ പരിഗണനയിൽ ഉണ്ട്. എൻ. സി. റ്റി. ഇ. തീരുമാനമെടുത്തശേഷം ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

കേരളത്തിൽ നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ

54 [2360] ശ്രീ. സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സർക്കാർ, സ്വകാര്യ എയ്ഡഡ്–അൺ എയ്ഡഡ് മേഖലകളിൽ എത്രയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(സി) ഇവയിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച കോളേജുകൾ എത്ര; അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ കോളേജുകളിലും നിലവിലുള്ള സീറ്റുകൾ എത്ര; ഈ എഞ്ചിനീയറിംഗ് കോളേജുകളിൽ സർക്കാർ നേരിട്ടു പ്രവേശനം നൽകുന്ന സീറ്റുകൾ എത്ര; ഇതിന് നിശ്ചയിച്ച ഫീസ് എത്ര;

(ഇ) സ്വകാര്യ മാനേജ്മെന്റുകൾ പ്രവേശനം നൽകുന്ന സീറ്റുകൾ എത്ര; ഇതിന് ഈടാക്കുന്ന ഫീസ് എത്രയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) എഞ്ചിനീയറിംഗ് സീറ്റിന് പ്രവേശനത്തിൽ ഇപ്പോൾ സംവരണം പാലിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡമെന്തൊക്കെയാണ്;

(ജി) ഏതൊക്കെ വിഭാഗത്തിന് എത്ര ശതമാനം വീതമാണ് സംവരണം അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 84.

(ബി)

സർക്കാർ	..	9
സ്വകാര്യ എയ്ഡഡ്	..	3
അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ	..	2
ഐ. എച്ച്. ആർ. ഡി.	..	9
എൽ. ബി. എസ്.	..	2
കെ. എസ്. ആർ. ടി. സി.	..	1
സഹകരണ അക്കാഡമി	..	5
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി	..	1
കേരള യൂണിവേഴ്സിറ്റി	..	1
കാലിക്കട്ട് യൂണിവേഴ്സിറ്റി	..	1
തുടർ വിദ്യാഭ്യാസകേന്ദ്രം	..	1
സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ	..	49

സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്. †

(സി മുതൽ ഇ വരെ) 54 കോളേജുകൾ, കോളേജുകളുടെ ലിസ്റ്റ്, സീറ്റുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്. † ഓരോ കോളേജിലും 50% സീറ്റിൽ സർക്കാർ നേരിട്ട് പ്രവേശനം നൽകുന്നു. ബാക്കി 50% അതാത് മാനേജ്മെന്റ് പ്രവേശനം നൽകുന്നു. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ. എച്ച്. ആർ. ഡി., എൽ. ബി. എസ്. കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം എന്നീ കോളേജുകളിൽ സർക്കാർ മെറിറ്റിൽ പ്രവേശനം നേടിയവർക്ക് സർക്കാർ ഫീസായ 6,200 രൂപയും മാനേജ്മെന്റിൽ പ്രവേശനം നേടിയവർക്ക് 38,700 രൂപയുമാണ് ഫീസ്. എന്നാൽ ബാക്കി എല്ലാ സ്വാശ്രയ കോളേജുകളിലെ എല്ലാ സീറ്റിലും 38,700 രൂപയാണ് ഫീസ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ് ആൻറ് ജി) ഉണ്ട്.

സ്റ്റേറ്റ് മെറിറ്റ് .. 65%
എസ്. ഇ. ബി. സി. .. 25%
എസ്. സി./എസ്. റ്റി. .. 10%

എസ്. ഇ. ബി. സി.-ക്ക് സംവരണം ലഭിക്കുന്നതിന് വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാൻ പാടില്ലെന്ന നിബന്ധനയുണ്ട്.

ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

55 [2361] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളതെന്നും അവ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാമാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1. സംസ്ഥാനത്ത് ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ 61 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. അവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

1. എഞ്ചിനീയറിംഗ് കോളേജുകൾ

(1) ആറ്റിങ്ങൽ, തിരുവനന്തപുരം ജില്ല
(2) കരുനാഗപ്പള്ളി, കൊല്ലം ജില്ല
(3) ചെങ്ങന്നൂർ, ആലപ്പുഴ ജില്ല
(4) ചേർത്തല, ആലപ്പുഴ ജില്ല
(5) അടൂർ, പത്തനംതിട്ട ജില്ല
(6) കല്ലൂപ്പാറ, പത്തനംതിട്ട ജില്ല
(7) പൂഞ്ഞാർ, കോട്ടയം ജില്ല
(8) തൃക്കാക്കര, എറണാകുളം ജില്ല
(9) കൊട്ടാരക്കര, കൊല്ലം ജില്ല

2. മോഡൽ പോളിടെക്നിക്കുകൾ

(1) കരുനാഗപ്പള്ളി, കൊല്ലം ജില്ല
(2) മറ്റക്കര, കോട്ടയം ജില്ല
(3) മാള, തൃശ്ശൂർ ജില്ല
(4) പൈനാവ്, ഇടുക്കി ജില്ല
(5) വടകര, കോഴിക്കോട് ജില്ല
(6) കല്യാശ്ശേരി, കണ്ണൂർ ജില്ല

LIBRARY ARCHIVES Kerala Legislative Assembly